(സി) എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ട്;

(ഡി) ഈ പാലം അടിയന്തിരമായി പുതുക്കിപ്പണിയുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) — (ഡി) പ്രസ്തുത പാലം പണിയുന്നതിനായി 80 ലക്ഷം രൂപ അടങ്കലുള്ള ഒരു ഏകദേശ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. പാലം പുതുക്കിപ്പണിയാനുള്ള അനന്തര നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

കണ്ണൂർ ജില്ലയിലെ വെമ്പുവ പാലം

25 [3006] *ശ്രീ. കെ. സി. ജോസഫ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹിൽ ഹൈവേയിൽ ഉൾപ്പെടുത്തി ഒന്നാംഘട്ടം പ്രവർത്തി ഉദ്ഘാടനം ചെയ്ത കണ്ണൂർ ജില്ലയിലെ പുറഞ്ഞാൺ-ചെമ്പേരി-പയ്യാവൂർ റോഡിലെ വെമ്പുവ പാലത്തിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എസ്റ്റിമേറ്റ് തുക എത്രയാണ്;

(സി) ഇല്ലെങ്കിൽ ഇതിന്റെ പ്രവർത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഈ പാലത്തിന്റെ പ്രവർത്തി ടെണ്ടർ ചെയ്യാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തയ്യാറാക്കിയിട്ടില്ല.

(ബി) ബാധകമല്ല.

(സി) പാലത്തിന്റെ Soil Investigation പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ട്. ഡിസൈൻ ആയിട്ടില്ല.

(ഡി) ഡിസൈൻ പൂർത്തിയായാൽ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

തൂതപ്പുഴയ്ക്ക് കുറുകെ മുറിഞ്ഞായക്കടവ് പാലം നിർമ്മിക്കാൻ നടപടി

26 [3007] *ശ്രീ. വി. കെ. ചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട്-മലപ്പുറം ജില്ലകളെ ബന്ധിപ്പിക്കാൻ തൂതപ്പുഴയ്ക്ക് കുറുകെ മുറിഞ്ഞായക്കടവ് പാലം നിർമ്മിക്കാൻ പരാതികളോ നിവേദനങ്ങളോ ലഭിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഇതിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) പാലത്തിന്റെ ആവശ്യകതയെപ്പറ്റിയും നിർമ്മാണത്തെപ്പറ്റിയും റിപ്പോർട്ടുകൾ തയ്യാറാക്കിയിട്ടുണ്ടോ;

(ഡി) അതിന്റെ എസ്റ്റിമേറ്റ് എത്രയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പരാതികളോ നിവേദനങ്ങളോ ലഭിച്ചിട്ടുള്ളതായി കാണുന്നില്ല.

(ബി) ഉദിക്കുന്നില്ല.

(സി) & (ഡി) 200 ലക്ഷം രൂപയ്ക്കുള്ള ഒരു റഫ് എസ്റ്റിമേറ്റ് തയ്യാറായിട്ടുണ്ട്.

ആയിരംതെങ്ങ്–അഴീക്കൽ പാലത്തിന്റെ നിർമ്മാണം

27 [3008] *ശ്രീ. എ. എൻ. രാജൻ ബാബു:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയിരംതെങ്ങ്–അഴീക്കൽ പാലത്തിന്റെ ഘടനയിൽ എന്തെങ്കിലും മാറ്റം വരുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) പാലത്തിന്റെ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) & (ബി) പരിശോധിച്ചുവരുന്നു.

(സി) ഈ പാലത്തിന്റെ അഴീക്കൽ സൈഡിലുള്ള റിംഗ് ബണ്ടിന്റെ പണി ദ്രുതഗതിയിൽ നടന്നുവരുന്നു.

മേത്താനം പാലം നിർമ്മാണം

28 [3009] *ശ്രീ. കെ. മുഹമ്മദാലി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ മണ്ഡലത്തിലെ മേത്താനം പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് സർക്കാർ സ്വീകരിച്ച നടപടികൾ വെളിപ്പെടുത്താമോ;

LIBRARY ARCHIVES Kerala Legislative Assembly